"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - നേഴ്സിംഗ് വിദ്യാഭ്യാസം - തിരുവനന്തപുരം ശ്രീ രാമകൃഷ്ണ ആശ്രമ ചാരിറ്റബിൾ ഹോസ്പിറ്റലിന് കീഴിൽ ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് പഠന വിഷയമായി പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.288/2024/H&FWD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:-
1. സ.ഉ.(അ) നം.64/2012/ആ.കു.വ. തിയതി 17.02.2012
2. 24.07.2024 തീയതിയിൽ ശ്രീ രാമകൃഷ്ണ ആശ്രമ ചാരിറ്റബിൾ ഹോസ്പിറ്റൽ അധ്യക്ഷൻ സമർപ്പിച്ച അപേക്ഷ.
3. 18.09.2024 തിയ്യതിയിലെ കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് രജിസ്ട്രാറുടെ ജി 2.71260/24/എൻ.സി. നം കത്തിനോടൊപ്പം ലഭ്യമാക്കിയ പരിശോധന റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം ശാസ്തമംഗലത്ത് സ്ഥിതിചെയ്യുന്ന ശ്രീ രാമകൃഷ്ണ ആശ്രമ ചാരിറ്റബിൾ ഹോസ്പിറ്റലിനോടനുബന്ധമായി ശ്രീ രാമകൃഷ്ണ ശാരദ സ്കൂൾ ഓഫ് നേഴ്സിംഗ് എന്ന പേരിൽ പുതിയ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് തിരുവനന്തപുരം ശ്രീ രാമകൃഷ്ണ ആശ്രമ ചാരിറ്റബിൾ ഹോസ്പിറ്റൽ അധ്യക്ഷൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ പരാമർശം (3) പ്രകാരം സമർപ്പിച്ച പരിശോധന റിപ്പോർട്ടിൽ 40 സീറ്റുകളോടെ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ശ്രീ രാമകൃഷ്ണ ആശ്രമ ചാരിറ്റബിൾ ഹോസ്പിറ്റൽ മാതൃ ആശുപത്രിയായി ശ്രീ രാമകൃഷ്ണ ശാരദ സ്കൂൾ ഓഫ് നേഴ്സിംഗ് എന്ന പേരിൽ ജനറൽ നേഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് പഠന വിഷയമായി ആരംഭിക്കുന്ന നേഴ്സിംഗ് സ്കൂളിന് വിദ്യാർത്ഥി പ്രവേശന ശേഷി 40 ആയി നിജപ്പെടുത്തി ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എ)** ജി.എൻ.എം നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

**ബി)** പരാമർശം 1 സർക്കാർ ഉത്തരവിലെ നിബന്ധനകൾ, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന

മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

**സി)** പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission എന്നിവ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
അധ്യക്ഷൻ, ശ്രീ രാമകൃഷ്ണ ആശ്രമ ചാരിറ്റബിൾ ഹോസ്പിറ്റൽ, ശാസ്തമംഗലം, തിരുവനന്തപുരം - 695 010
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 16-10-2024 16:28:32
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.